## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3598 — 14.03.2017 ൽ മറുപടിയ്ക്ക്

### ജയിൽ വകുപ്പിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 2 വേക്കൻസി

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജയിൽ വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 2 (അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2) തസ്തികയിൽ എത്ര വേക്കൻസികൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) | നിലവിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 2 (അസിസ്റ്റന്റ് ജയിലർ) തസ്തികയിൽ 15 ഒഴിവുകൾ ഉണ്ട്. ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിൽ നിന്നുമാണ് ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടത്. എന്നാൽ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തിക ഉൾപ്പെടുന്ന വാർഡർ വിഭാഗത്തിന്റെ 04.01.2013- ലെ സംസ്ഥാന തലത്തിലുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്മേൽ ജീവനക്കാരിൽ നിന്നും നിരവധി പരാതികൾ ലഭിച്ചതിനാൽ അപാകതകൾ പരിഹരിച്ച് അന്തിമമായി പ്രസിദ്ധീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ തേടി ജയിൽ മേധാവി സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആകാത്തതിനാൽ അസിസ്റ്റന്റ് സൂപ്രണ്ട് (അസിസ്റ്റന്റ് ജയിലർ) ഗ്രേഡ് 2 തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിന് സാധിച്ചിട്ടില്ല. |
| (ബി) | 2012 ഡിസംബർ 28-ാം തീയതിയിലെ G.O. (P) No. 337/2012/Home (SRO No. 10/2013) കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് ഭേദഗതി സ്പെഷ്യൽ റൂൾസ് 2012-ൽ നിഷ്കർഷിക്കുന്ന വിധത്തിലാണോ ജയിൽ വകുപ്പിൽ പ്രമോഷൻ നൽകുന്നത് ; | (ബി &) (സി) | സ്പെഷ്യൽ റൂൾസിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | എങ്കിൽ പ്രസ്തുത ചട്ടത്തിന്റെ നോട്ട് II-ൽ നിഷ്കർഷിക്കുന്ന വിധത്തിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് (അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2) തസ്തികയിലേയ്ക്ക് സ്റ്റേറ്റ് വൈഡ് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ